കേരള സർക്കാർ

സംഗ്രഹം

വനിതശിശു വികസന വകുപ്പ്- 2025-26 സാമ്പത്തിക വർഷം കനൽ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതശിശു വികസന(ബി) വകുപ്പ്

---

എ.എസ് നമ്പർ : AS/WCD/25/48281 കാലാവധി : 31/03/2026

പരാമർശം:-
1. വനിതശിശു വികസന ഡയറക്ടറുടെ 31.05.2025-ലെ DWCD/3473/2025–WEC2 നമ്പർ നടപടി ക്രമം.
2. വനിതശിശു വികസന ഡയറക്ടറുടെ 16.08.2025, 10.12.2025-ലെ DWCD/3473/2025–WEC2 നമ്പർ കത്ത്.

AS/WCD/25/48281

ഉത്തരവ്

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ, ലിംഗ വിവേചനം, സ്ത്രീധന/ഗാർഹിക പീഡനങ്ങൾ, അവയെ തുടർന്നുണ്ടാകുന്ന ആത്മഹത്യകളും, കൊലപാതകങ്ങളും തുടങ്ങിയവ സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിൽ അതിക്രമങ്ങളെ ചെറുക്കുന്നതിനും, ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി യുവജനങ്ങളുടെ പിന്തുണയോടെ സമൂഹത്തെയൊന്നാകെ ബോധവൽക്കരിക്കേണ്ടതുണ്ട്. തുടർച്ചയായ ബോധവൽക്കരണ പരിപാടികളിലൂടെ മാത്രമേ സമൂഹത്തിൽ ലിംഗ സമത്വം എന്ന ആശയം പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളു. ആയതിനായി ബഹു മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കനൽ കർമ്മ പദ്ധതി വരും വർഷങ്ങളിലും പൂർവ്വാധികം ശക്തിയോടെ തന്നെ തുടരേണ്ടതായുണ്ട്. ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി 'Youth as Change Agents' എന്ന ആശയം ഉൾക്കൊണ്ട് സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ സംസ്ഥാന വ്യാപകമായി നടത്തി

വരുന്ന അവബോധ ക്ലാസ്സുകൾ നടപ്പ് വർഷവും, വരും വർഷങ്ങളിലും വിജയകരമായി സംഘടിപ്പിക്കുന്നതിന് മുന്നോടിയായി പരാമർശം (1) പ്രകാരം 2025 ജൂൺ 4, 5 തീയതികളിൽ കോളേജ് വിദ്യാർത്ഥികൾ, കോളേജ് ആധ്യാപകർ, ജൻഡർ സ്പെഷ്യലിസ്റ്റുമാർ, കൗൺസിലർമാർ, സൈക്കോളജിസ്റ്റുമാർ, അഡ്വക്കേറ്റ്, പോലീസ്, NCC, NSS കോർഡിനേറ്റർ എന്നിവരെ ഉൾപ്പെടുത്തി രണ്ട് ദിവസത്തെ കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചിരുന്നു. കനൽ ക്യാമ്പയിൻ revamp ചെയ്ത് തുടരുന്നതിനായി പ്രസ്തുത ശിൽപശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ അടിസ്ഥാനത്തിൽ Gender theories, Media, Women's movement History, Mental Health, Constitution, provision and legislation എന്നീ 5 മോഡ്യൂളുകൾ തയ്യാറാക്കുകയും, കനൽ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ 250 കോളേജുകളിൽ പ്രസ്തുത മോഡ്യൂളുകൾ പ്രകാരമുള്ള ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് നൽകാമെന്നും വകുപ്പ് തീരുമാനം എടുത്തിട്ടുള്ളതായും വനിതശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു.

(2) 2025 സെപ്റ്റംബർ 1 ന് കനൽ ക്യാമ്പയിൽ റീലോഞ്ച് ചെയ്തുകൊണ്ട് സെപ്റ്റംബർ മാസത്തിൽ ആദ്യത്തെ 250 കോളേജുകളിൽ Gender, Theory, History, നവംബർ മാസത്തിൽ അതേ കോളേജുകളിൽ തന്നെ മീഡിയ, മെന്റൽ ഹെൽത്ത്, ജനുവരി മാസത്തിൽ ഇതേ കോളജുകളിൽ Constitution, provision and legislation, മീഡിയ എന്നീ മോഡ്യൂളുകൾ പ്രകാരമുള്ള അവബോധ ക്യാമ്പയിൻ കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്നതിനാണ് വകുപ്പ് ഉദ്ദേശിച്ചിരുന്നതെന്നും നിലവിൽ സെപ്റ്റംബർ, നവംബർ മാസങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത പരിപാടികൾ രണ്ട് ഘട്ടമായി ജനുവരി- മാർച്ച് മാസങ്ങളിൽ സംഘടിപ്പിക്കാവുന്നതാണെന്നും ആയതിലേയ്ക്കായി ചുവടെ വിവരിക്കുന്ന പ്രകാരം ചെലവ് വരുന്നതാണെന്നും വനിതശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു.

| | |
|---|---|
| ജനുവരി 2026 ലെ ഒന്നാം ഘട്ട ട്രെയിനിംഗ് (5000 രൂപ നിരക്കിൽ 250 കോളേജുകൾക്ക്) | 12,50,000 |
| ഫെബ്രുവരി- മാർച്ച് 2026 ലെ രണ്ടാം ഘട്ട ട്രെയിനിംഗ് | 12,50,000 |
| മറ്റു ചിലവുകൾ | 50000 |
| ആകെ | 25,50,000 |

(3) 2025-26 വർഷത്തിൽ സ്ത്രീധന സമ്പ്രദായം, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ വ്യാപക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കനൽ ക്യാമ്പയിൻ പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തെ 2235-02-103-68-03 (പ്ലാൻ)

AS/WCD/25/48281

ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 14.5 കോടി രൂപയിൽ നിന്നും 25,50,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിനായും, മേൽ വിവരിച്ച ഇനങ്ങളിൽ ഏതിലെങ്കിലും പരാമർശിത തുക തികയാതെ വരുന്ന പക്ഷം ആകെ ബഡ്ജറ്റിൽ അധികരിക്കാതെ ഇതര വിഭാഗങ്ങളിൽ അവശേഷിച്ചിട്ടുള്ള തുക ഉപയോഗിച്ച് പരിപാടി സംഘടിപ്പിക്കുന്നതിനായും ഭരണാനുമതി നൽകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്ത്രീധന സമ്പ്രദായം, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ വ്യാപക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കനൽ ക്യാമ്പയിൻ പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തെ 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 14.5 കോടി രൂപയിൽ നിന്നും 25,50,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം), 2025-26 സാമ്പത്തിക വർഷത്തെ 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതി ഉത്തരവുകൾ ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് പ്രൊവിഷനിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ വിനിയോഗിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-03-00-0-P-V | 25,50,000 | AS/WCD/25/48281 | 2026-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | കനൽ ക്യാമ്പയിൻ 2025 26 സാമ്പത്തിക വർഷം ഭരണാനുമതി | 25,50,000 |
| ആകെ (ഇരുപത്തി അഞ്ച് ലക്ഷത്തിഅൻപതിനായിരം രൂപ) | | **25,50,000** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

AS/WCD/25/48281

വനിതശിശു വികസന വകപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകപ്പ് (WCD-1/233/2025-FIN (E:3292029) തീയതി 23/01/2026).
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

AS/WCD/25/48281